അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dir.printing@kerala.gov.in

· ഭരണഭാഷ-മാതൃഭാഷ

നമ്പർ. 5981/2020/ഇ 1/ഡിപി

തീയതി. 22.04.2021

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - ജീവനക്കാര്യം - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 21/04/2021 ലെ G.O (Rt) 378/21/DMD നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ കോവിഡ് 19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗത്തിലേയും 50% ജീവനക്കാരും എല്ലാ പ്രവൃത്തി ദിവസവും അതാത് കാര്യാലയങ്ങളിൽ ഹാജരാകേണ്ടതാണ്. ഓരോ സെക്ഷനുകളിലും ജീവനക്കാരുടെ എണ്ണം 50 ശതമാനത്തിൽ അധികരിക്കുന്നില്ലെന്ന് അതാത് സെക്ഷൻ മേധാവികൾ ഉറപ്പ് വരുത്തി ശാഖാകാര്യാലയ മേധാവികളെ അറിയിക്കേണ്ടതാണ്.

2. അച്ചടി വകുപ്പ് അവശ്യസർവ്വീസ് ആയതിനാൽ ഓരോ കാര്യാലയങ്ങളിലും പൊതുജനങ്ങൾക്ക്/ജീവനക്കാർക്ക് ആവശ്യമായ സേവനം നൽകുവാൻ മതിയായ ജീവനക്കാരുണ്ടെന്ന് അതാത് ശാഖാ കാര്യാലയമേധാവികൾ കർശനമായും ഉറപ്പ് വരുത്തേണ്ടതാണ്. അവശ്യഘട്ടങ്ങളിൽ മേലുദ്യോഗസ്ഥൻ ആവശ്യപ്പെടുന്നതനുസരിച്ച് ജീവനക്കാർ ഓഫീസിൽ ഹാജരാകേണ്ടതാണ്.

3. വിദൂര ജില്ലകളിൽ നിന്നും ജോലിയ്ക്ക് എത്തുന്ന ജീവനക്കാർക്ക് ജോലിയ്ക്ക് ഹാജരാകുവാൻ സാധിക്കാത്തപക്ഷം അതാത് ജില്ലാ കളക്ടറുടെ മുൻപിൽ റിപ്പോർട്ട് ചെയ്യാവുന്നതും ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം കോവിഡ് -19 നിർവ്യാപന പ്രവർത്തനങ്ങളിൽ പങ്കെടുക്കാവുന്നതുമാണ്. ഇത്തരത്തിൽ ജില്ലാ കളക്ടറുടെ മുൻപിൽ ഹാജരാകുന്ന ജീവനക്കാർ അവിടെ റിപ്പോർട്ട് ചെയ്തതിന്റെ വിവരവും കോവിഡ് -19 നിർവ്യാപന പ്രവർത്തനങ്ങൾക്കായി നിയോഗിച്ചതിന്റെ ഉത്തരവിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട ശാഖാകാര്യാലയ മേധാവികളെ അറിയിക്കേണ്ടതാണ്.

4. ജീവനക്കാർ കൂട്ടം ചേരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും പൊതുജനങ്ങളുടെ പ്രവേശനം നിയന്ത്രിക്കാനും അതാത് കാര്യാലയങ്ങളിലെ സെക്യൂരിറ്റി വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. ക്യാന്റീനിലും സെക്ഷനുകളിലും ജീവനക്കാർ സാമൂഹിക അകലം പാലിക്കേണ്ടതും കൂട്ടംകൂടിയിരുന്ന് ഭക്ഷണം കഴിക്കുവാൻ പാടില്ലാത്തതുമാണ്.

5. എല്ലാ കാര്യാലയങ്ങളുടെയും പ്രവേശന കവാടത്തിൽ സാനിറ്റൈസറിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. എല്ലാ ഓഫീസുകളിലേയും എൻട്രി/എക്സിറ്റ് പോയിന്റുകൾ, ടൊയിലറ്റുകൾ, ഡോറുകൾ എന്നിവ ഓരോ ഷിഫ്റ്റ് കഴിയുമ്പോഴും അണുവിമുക്തമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി Break The Chain ക്യാമ്പയിൻ പരിപാടിയുടെ നടപടിക്രമം എല്ലാ കാര്യാലയങ്ങളിലും കൃത്യമായി പാലിക്കേണ്ടതാണ്.

7. അച്ചടി വകുപ്പിൻ കീഴിലുള്ള എല്ലാ കാര്യാലയങ്ങൾക്കും 24/04/2021 ശനിയാഴ്ച സർക്കാർ നിശ്ചയിച്ച പ്രകാരം അവധിദിനം ആയിരിക്കും

8. സർക്കാരിന്റെ പുതിയ നിർദ്ദേശം ലഭിക്കുന്നത് വരെ ഈ ക്രമീകരണം തുടരേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
എല്ലാ സെക്ഷൻ മേധാവികൾ/സെക്യൂരിറ്റി ഓഫീസർ/ചീഫ് ടൈം കീപ്പർ/നോട്ടീസ് ബോർഡ്/
ഫയൽ/കരുതൽ ഫയൽ.

എസ്.കെ.